പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3499 | 25.06.2012-ൽ മറുപടിക്ക്.

## ചാത്തന്നൂർ എ. സി. പി. ഓഫീസിന് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ എത്രസെന്റ് ഭൂമിയാണ് ആഭ്യന്തര വകുപ്പിന് സ്വന്തമായുള്ളത്; പ്രസ്തുത സ്ഥലത്ത് ഇപ്പോൾ ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; | : (എ) ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ട് ഉൾപ്പെടുന്ന **2** ഏക്കർ **27.75** സെന്റ് ഭൂമിയാണ് ആഭ്യന്തരവകുപ്പിനുള്ളത്. ഈ സ്ഥലത്ത് പോലീസ് സ്റ്റേഷൻ, പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, വനിതാ പോലീസിന്റെ വിശ്രമമുറി എന്നിവ പ്രവർത്തിക്കുന്നു. |
| (ബി) നിലവിലുള്ള പോലിസ് സ്റ്റേഷനും അനുബന്ധ കെട്ടിടവും എന്നാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്; ഇവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്ഥലസൗകര്യക്കുറവ് ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (ബി) നിലവിലുള്ള പോലീസ് സ്റ്റേഷൻ 1980 ഒക്ടോബർ മാസവും, അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ ഓഫീസ് 2002 ഡിസംബർ മാസവും വനിതാ പോലീസിന്റെ വിശ്രമ മുറി 2009 സെപ്റ്റംബർ മാസവുമാണ് നിർമ്മിച്ചത്. പ്രസ്തുത ഓഫീസുകൾക്ക് സ്ഥല സൗകര്യ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ചാത്തന്നൂരിൽ പുതുതായി അനുവദിച്ച എ.സി.പി. ഓഫീസിന് ഉൾപ്പെടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | : (സി) ഇതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ